കേരളീയം

# വീണ്ടും ഒരോണം

മറ്റൊരോണം കൂടി. ഭൂമിയും ആകാശവും തായ്മൊഴിയും നഷ്ടപ്പെടുന്ന മലയാളി ഇന്നും സംഘാവബോധത്തിന്റെ ഏതോ ആഴത്തിൽ ഓണസ്മരണങ്ങളെ താലോലിക്കുന്നുണ്ട്. മലയാളിയുടെ കാർഷികജീവിതവുമായി ബന്ധപ്പെട്ട ഉത്സവമായിരുന്നു ഓണം. ഇന്നത് കമ്പോളജീവിതവുമായി ചേർന്നുകഴിഞ്ഞു. കേരളീയം എന്ന് വിശേഷിപ്പിക്കാവുന്ന സ്വത്വത്തിന്റെ അടയാളങ്ങൾ ഓരോന്നായി മാഞ്ഞുകൊണ്ടിരിക്കുന്നു. 'മലയാളം' എന്നുപോലും ശരിയായി ഉച്ചരിക്കാൻ കഴിയാത്തവണ്ണം പുതുതലമുറ സ്വഭാഷയിൽനിന്ന് അന്യവല്ക്കരിക്കപ്പെടുന്നു. അതേസമയം മലയാളിത്തത്തിന്റെ മുദ്രകളായി വരേണ്യ ഫ്യൂഡൽ ചിഹ്നങ്ങൾ കൃത്രിമമായി എഴുന്നെള്ളിക്കപ്പെടുകയും ചെയ്യുന്നു. ഭാഷ, ജീവിതവൃത്തി, വസ്ത്രം, പെരുമാറ്റം ഇങ്ങനെ വിപുലമായ തലങ്ങളിൽ വേരോട്ടമുള്ള കേരളീയത എന്ന ആനുഭവികസത്യം അന്യാധീനപ്പെട്ടുകൊണ്ടിരിക്കെ ഓണം എന്ന മലയാളിയുടെ ദേശീയോത്സവം അതിജീവനത്തിന്റെ, പ്രതിരോധത്തിന്റെ പ്രതിജ്ഞാദിനമാകേണ്ടതുണ്ട്. 'കേരളീയം' പത്രം അതിന്റെ ഓണം പ്രത്യേകപതിപ്പ് സമർപ്പിക്കുന്നത് ഇത്തരമൊരു വിചാരത്തോടെയാണ്.